
## കത്തുകൾ




# ആ ഗാമ വാസ്‌കോ ഡ ഗാമ തന്നെ

**മലബാറിലെ** സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ ദാർശനിക പരിസരത്തെക്കുറിച്ച് ഞാനെഴുതിയ ലേഖനത്തിലെ ചില പരാമർശങ്ങളോട് വിയോജിച്ചുകൊണ്ട് (*പ്രബോധനം* ലക്കം 39) പി.വി യാസിർ ചൂണ്ടിക്കാട്ടിയ പല കാര്യങ്ങളും വസ്തുതാപരമായി ശരിയല്ല. വാസ്‌കോ ഡ ഗാമയെയും കേരളത്തിലെ പോർച്ചുഗീസ് അധിനിവേശത്തെയും കുറിച്ച് എഴുതപ്പെട്ട ആധികാരികമായ ഒട്ടേറെ ഗ്രന്ഥങ്ങളുണ്ടായിട്ടും പ്രഫ. കെ.വി. അബ്ദുർറഹ്‌മാന്റെ *മാപ്പിള ചരിത്ര ശകലങ്ങൾ* എന്ന ഗ്രന്ഥം മാത്രം അവലംബിച്ച് വിയോജനക്കുറിപ്പെഴുതിയതാണ് ഇതിന് കാരണം. 400-ഓളം വരുന്ന ഹജ്ജ് തീർഥാടകരെ കപ്പലിൽ വെച്ച് ചുട്ടുകൊന്ന കിരാത നടപടിക്ക് നേതൃത്വം നൽകിയത് കേരളത്തിൽ ആദ്യമായെത്തിയ വാസ്‌കോ ഡ ഗാമയാണ് എന്ന എന്റെ പരാമർശം ശരിയല്ല എന്നാണ് യാസിറിന്റെ പ്രധാന വിമർശനം. 1498-ലെ ആദ്യവരവിനു ശേഷം തിരച്ചുപോയ ഗാമ പിന്നീട് വളരെ കാലങ്ങൾക്കു ശേഷമാണ് രണ്ടാമതും മറ്റൊരു ദൗത്യവുമായി മലബാറിലേക്ക് വരുന്നതെന്നും എന്നാൽ 1502-ൽ നടന്ന ചുട്ടുകൊല്ലലിന് നേതൃത്വം നൽകിയത് അന്നത്തെ പോർച്ചുഗീസ് അഡ്മിറലായിരുന്ന സ്റ്റാവോ ഡാ ഗാമയായിരുന്നുവെന്നാണ് പ്രഫസർ അബ്ദുർറഹ്‌മാനെ ഉദ്ധരിച്ച് കുറിപ്പുകാരൻ സമർഥിക്കുന്നത്. എന്നാൽ പ്രഫ. അബ്ദുർറഹ്‌മാന്റേതൊഴികെയുള്ള ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഇത് സംബന്ധമായ എല്ലാ കൃതികളിലും 1502-ൽ വാസ്‌കോ ഡ ഗാമ രണ്ടാമതും കേരളത്തിലെത്തിയതും അദ്ദേഹം തീർഥാടകരെ ചുട്ടുകൊന്നതും വിശദമായി വിവരിച്ചിട്ടുണ്ട്. കെ.എം പണിക്കരുടെ *ഏഷ്യാ ആന്റ് ദ വെസ്റ്റേൺ ഡോമിനൻസ്*, ഒ.കെ നമ്പ്യാരുടെ *ദ കുഞ്ഞാലീസ്: അഡ്മിറൽസ് ഓഫ് കാലിക്കറ്റ്* തുടങ്ങിയ കൃതികൾ ഉദാഹരണം. ഡോ. എം.ജി.എസ് നാരായണന്റെ *കാലിക്കറ്റ് ദ സിറ്റി ഓഫ് ട്രൂത്തിൽ* തീർഥാടകരെ ചുട്ടുകരിച്ച സംഭവമില്ലെങ്കിലും 1502-ൽ വാസ്‌കോ ഡ ഗാമ രണ്ടാമതും കേരളത്തിൽ വന്നതിനെക്കുറിച്ച് സൂചനകളുണ്ട്.

കെ.എം. പണിക്കരെ ഉദ്ധരിക്കാം: The Protuguese armada ran accross an unarmed vessel returning from mecca. Vascoda Gama captured it and in the words of Lendas, after making the ship empty of goods, prohibited anyone from taking out of it any moor and then ordered them to set fire to it" (K.M Panikkar- Asia and the Western Dominence p 35).

കപ്പലിലെ ചരക്കുകളെല്ലാം എടുത്തുകൊണ്ട് തങ്ങളുടെ ജീവൻ രക്ഷിക്കണെമെന്ന യാത്രക്കാരുടെ ദയനീയമായ അപേക്ഷ തള്ളിക്കൊണ്ട് ഗാമ നടത്തിയ ഭീകര കൃത്യത്തെ കുറിച്ച് ഒ.കെ നമ്പ്യാർ എഴുതുന്നു: Vasco da Gama was neither touched by the appeal to knight-hood nor by the piteous intreaties of the fifty womens and children who were in the ship. He orderd that all weapons should be surrendered. After this was done, he plundered the ship of all its spices and treasure, which he transferred to his fleet. Afterwards he dismantled the moorish Vessel, and confinging its passengers under the hatches, set fire to it (O.K Nambiar, The Kunjalis - Admirals of calicut p 38).

കേരള സർക്കാറിന്റെ സാംസ്‌കാരിക വകുപ്പ് പുറത്തിറക്കിയ സർവ വിജ്ഞാന കോശത്തിൽ വാസ്‌കോ ഡ ഗാമയെക്കുറിച്ചെഴുതിയ കുറിപ്പിൽ ഇങ്ങനെ വായിക്കാം: "ഇന്ത്യാ സമുദ്രത്തിൽ പോർച്ചുഗീസ് ശക്തി ഉറപ്പിക്കാനായിരുന്നു ഗാമയെ വീണ്ടും ഇന്ത്യയിലേക്കയച്ചത്. 1502-ൽ 14 കപ്പലുകളോട് കൂടി ഗാമ ഇന്ത്യയിലെത്തി മാടായിക്കടുത്ത് വെച്ച് മക്കയിലേക്ക് ഹജ്ജിന് പോയ കപ്പൽ പോർച്ചുഗീസുകാർ ആക്രമിച്ചു. കപ്പലിലുള്ള ധനം മുഴുവൻ കൊടുക്കാമെന്ന് പറഞ്ഞിട്ടും 8 ദിവസം നീണ്ടുനിന്ന ഒരാക്രമണത്തിന് ശേഷം സ്ത്രീകളും കുട്ടികളുമടങ്ങുന്ന ആ കപ്പിലിന് തീ വെച്ചു നശിപ്പിച്ചു. കോഴിക്കോട് എത്തിയ ഗാമ തുറമുഖത്തുള്ള മുസ്‌ലിംകളെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടു. അതിന് സാമൂതിരി വിസമ്മതിച്ചതുകൊണ്ട് 38 മീൻ പിടുത്തക്കാരെ വധിച്ച് കടലിലേക്ക് തള്ളി. പിന്നീട് തുറമുഖം പീരങ്കി കൊണ്ട് തകർത്തു. വാസ്‌കോ ഡ ഗാമയുടെ രണ്ടാമത്തെ യാത്ര കൊണ്ട് കേരള തീരത്തെ രാജാക്കന്മാരെ ഭീഷണിപ്പെടുത്തി മുസ്‌ലിം വ്യാപാരികളുമായുള്ള വ്യാപാരം അവസാനിപ്പിക്കാനും വ്യാപാരത്തിൽ മലബാർ രാജാക്കന്മാരെ പോർച്ചുഗീസ് ഭീഷണിക്ക് വിധേയമാക്കാനും ശ്രമിച്ചു. മറ്റ് ഏതൊരു ഏഷ്യൻ നാവിക ശക്തിക്കുമുള്ളതിനേക്കാൾ ശക്തമായ കപ്പലുകളും പീരങ്കികളുമാണ് തങ്ങൾക്കുള്ളതെന്ന് ഗാമയുടെ ആക്രമണങ്ങൾ തെളിയിച്ചു. 1503 ഡിസംബറിൽ ഗാമ

# ദൽഹിയിലെ അവസരങ്ങൾ മലയാളികൾ നഷ്ടപ്പെടുത്തരുത്

**രാജ്യത്തെ** നിലവാരമുള്ള നിരവധി കലാലയങ്ങളും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നത് തലസ്ഥാന നഗരിയായ ദൽഹിയിലാണ്. ദൽഹിയിലെ ജാമിഅ മില്ലിയ്യയിൽ പി.ജി, ഡോക്ടറേറ്റ്, പോസ്റ്റ് ഡോക്ടറേറ്റ് ഉൾപ്പെടെയുള്ള ബിരുദങ്ങൾ കരസ്ഥമാക്കാനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി പതിനൊന്നായിരം വിദ്യാർഥികളാണ് പഠിക്കുന്നത്. ഏഴ് വ്യത്യസ്ത ഫാക്കൽറ്റികൾ, മുപ്പത് ഡിപ്പാർട്ട്മെന്റുകൾ, ഇരുപത് അക്കാദമിക ഗവേഷണ കേന്ദ്രങ്ങൾ, നാല് സ്‌കൂളുകൾ, നിരവധി എക്സ്റ്റൻഷൻ സെന്ററുകൾ, 600-ൽപരം അധ്യാപകർ, 140 കോഴ്‌സുകൾ, ഏഷ്യയിലെ തന്നെ ഒന്നാംകിട മാസ് കമ്യൂണിക്കേഷൻ സെന്റർ- ഇങ്ങനെ ഒരു മഹാസ്ഥാപനമായി അത് വളർന്നു കഴിഞ്ഞു. ദൽഹി യൂനിവേഴ്‌സിറ്റി, ജവഹർലാൽ നെഹ്‌റു യൂനിവേഴ്‌സിറ്റി, ഐ.ഐ.ടി, എ.ഐ.ഐ.എം.എസ്, നാഷ്‌നൽ സ്‌കൂൾ ഓഫ് ഡ്രാമ ഇങ്ങനെ വേറെയും പേരു കേട്ട സ്ഥാപനങ്ങളുണ്ട്.

എന്നാൽ ഈ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന മലയാളികൾ വളരെ ചുരുക്കമാണ് എന്നതാണ് വസ്തുത. ഉദാഹരണത്തിന് ജാമിഅ മില്ലിയ്യയിൽ അധ്യാപകരും വിദ്യാർഥികളുമായി ആകെ അറുപത് പേരാണുള്ളത്. മുസ്‌ലിം പ്രാതിനിധ്യം ഇവിടെയും വളരെ പരിതാപകരമാണ്. കേരളത്തിൽ നിന്നുള്ള 35 വിദ്യാർഥികളിൽ 9 പേരും അധ്യാപകരിൽ രണ്ട് പേരുമാണ് മുസ്‌ലിംകൾ. ഈ അവസ്ഥ മാറേണ്ടതാണ്.

പഠിക്കാനെത്തുന്നവർക്ക് മാർഗനിർദേശങ്ങൾ നൽകാനും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കാനും മലയാളികളുടെ ഒരു കൂട്ടായ്മ ഇപ്പോൾ ദൽഹിയിൽ പ്രവർത്തിക്കുന്നുണ്ട്. delhimalayalihalqa@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടുക.

**ശുഐബ് ഇസ്‌മാഈൽ മുഹമ്മദ്**
**ജാമിഅ മില്ലിയ്യ, ന്യൂദൽഹി**

മടങ്ങിപ്പോയി" (സർവ വിജ്ഞാനകോശം, 10/15).

ഇത്രയും എഴുതിയതിൽനിന്ന് തന്നെ 1498-ലെ ആദ്യത്തെ വരവിനു ശേഷം തിരിച്ചുപോയ വാസ്കോ ഡ ഗാമ പിന്നീട് വളരെ കാലത്തിനു ശേഷമാണ് മലബാറിൽ വീണ്ടും വരുന്നതെന്നും 1502-ൽ തീർഥാടകരെ ചുട്ടുകൊന്നത് എസ്റ്റാവോ ഡാ ഗാമയായിരുന്നുവെന്നുമുള്ള യാസിറിന്റെ ധാരണ അബദ്ധമാണെന്ന് വ്യക്തമാണല്ലോ.

കുറിപ്പുകാരന്റെ മറ്റൊരു ആരോപണം സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ മരണപ്പെട്ടത് 1551-ലാണെന്ന് ഞാൻ എഴുതിയെന്നാണ്. ഇത് ശരിയല്ലെന്നും അദ്ദേഹം മരണപ്പെട്ടത് ക്രി. 1552-ലാണെന്നുമാണ് യാസിറിന്റെ വാദം. ഒന്നാമതായി സൈനുദ്ദീൻ മഖ്ദൂം 1551-ൽ മരണപ്പെട്ടുവെന്ന് ഞാൻ എഴുതിയിട്ടില്ല. ഞാൻ എഴുതിയത് 1521-ൽ മരണപ്പെട്ടുവെന്നാണ്. ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ മരണം ഹിജ്റ 928 -ലായിരുന്നുവെന്നാണ് എല്ലാ രേഖകളും സാക്ഷ്യപ്പെടുത്തുന്നത്. ഇത് ക്രിസ്തബ്ധത്തിലേക്ക് മാറ്റിയാൽ 1521 അവസാനമോ 1522 ആദ്യമോ ആണ് ആവുക. 1552 ഒരിക്കലും ആവുകയില്ല. യാസിറിന് ഈ കണക്ക് എവിടെനിന്ന് ലഭിച്ചുവെന്നറിയില്ല. അദ്ദേഹം ഉദ്ധരിച്ച രേഖയിലും ഹിജ്റ 928 ഉള്ളതിനാൽ ക്രിസ്തബ്ദം കണക്കാക്കിയപ്പോൾ പിശക് പറ്റിയതായിരിക്കാനാണ് സാധ്യത.

കത്തിലെ മറ്റൊരു വിമർശനം ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ മുഴുവൻ പേര് ഞാൻ കൊടുക്കാത്തതിലാണ്. ശൈഖ് അബൂ യഹ്യാ സൈനുദ്ദീബ്നു അലി എന്നാണ് ഞാൻ എഴുതിയത്. ഇതിൽ അദ്ദേഹത്തിന്റെ വിളിപ്പേരും പിതാവിന്റെ പേരും ഉൾപ്പെടുന്നുണ്ട്. കത്തിൽ കൊടുത്ത മുഴുവൻ പേരിലെ അഹ്മദ് എന്ന പിതാമഹന്റെ പേര് മാത്രമെ ഇതിൽ ഇല്ലാത്തതുള്ളൂ. ലേഖനത്തിന്റെ ഉദ്ദേശ്യം ശൈഖ് സൈനുദ്ദീന്റെ ജീവചരിത്രം എഴുതലല്ലാത്തതിനാൽ പിതാമഹന്റെ പേര് ചേർക്കാത്തത് അത്ര ഗുരുതരമായ കാര്യമാണെന്ന് തോന്നുന്നില്ല.

യാസിറിന്റെ വിയോജനക്കുറിപ്പിൽ ഞാൻ അംഗീകരിക്കുന്ന വിമർശനം കൊച്ചിയിലെ പോർച്ചുഗീസ് കോട്ടയുടെ നിർമാണത്തെക്കുറിച്ച് ഉന്നയിച്ചതാണ്. കൊച്ചിയിലെ മുസ്‌ലിം പള്ളി തകർത്ത് അതിന്റെ കല്ലും മണ്ണും ഉപയോഗിച്ചാണ് കോട്ട നിർമിച്ചതെന്ന് ഞാനെഴുതിയിരുന്നു. പള്ളി തകർത്തുവെന്നത് ശരിയാണെങ്കിലും അതിന്റെ മണ്ണും കല്ലും ഉപയോഗിച്ചത് കോട്ട നിർമാണത്തിനല്ല മറിച്ച് ഒരു ചർച്ചിന്റെ നിർമാണത്തിനായിരുന്നുവെന്നാണ് കൂടുതൽ അന്വേഷിച്ചപ്പോൾ ബോധ്യമായത്. തെറ്റ് ചൂണ്ടിക്കാണിച്ചു തന്ന യാസിറിനെ അഭിനന്ദിക്കുന്നു. സ്വന്തം ചരിത്ര പാരമ്പര്യത്തെയും പൈതൃകത്തെയും കുറിച്ച് യാതൊരു ധാരണയുമില്ലാതെ, ഉൾക്കനമില്ലാത്ത വാദപ്രതിവാദങ്ങളിലും തർക്കങ്ങളിലും അഭിരമിക്കുന്ന വർത്തമാനകാല കേരളീയ മുസ്‌ലിം സമൂഹത്തിൽനിന്ന് ചരിത്രപരമായ അന്വേഷണങ്ങളിലും പഠനങ്ങളിലും താൽപര്യമെടുക്കുന്ന ഒരുപുതിയ തലമുറ ഉണ്ടായിവരുന്നുവെന്നത് ആഹ്ലാദകരമാണ്.

**കെ.ടി ഹുസൈൻ**
**എ.ആർ നഗർ**

# ഒപ്പം കറാമത്ത് കച്ചവടവും!

**മഖ്ബറ** വ്യവസായികൾ മാത്രമല്ല മുസ്‌ലിം സമുദായത്തെ ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുന്നത്. കള്ള കറാമത്തുകാരും ഔലിയമാരും ബീവിമാരും ജിന്നുമ്മമാരും മുട്ടിനു മുട്ടിന് മുളച്ചു പൊന്തുകയാണ്. കബളിപ്പിക്കപ്പെട്ട പലരും മാനക്കേട് ഭയന്ന് സംഭവം പുറത്ത് പറയാറില്ല. കറാമത്ത് പ്രചരിപ്പിക്കാനും ആളുകളെ വലവീശിപ്പിടിക്കാനും പ്രത്യേകം ഏജന്റുമാർതന്നെ പ്രവർത്തിക്കുന്നുണ്ട്.

ഈയിടെ മലപ്പുറം ജില്ലയിലെ ഒരു ഗ്രാമത്തിൽ ഒരു കുടുംബത്തിലെ മൂന്ന് പേർ പുതുതായി കറാമത്ത് ബിസിനസ്സ് തുടങ്ങി. മറ്റേതോ നാട്ടിൽനിന്നും വന്ന് താമസിക്കുന്ന ഊരോ പേരോ വ്യക്തമല്ലാത്ത ഇവരെ തുടക്കത്തിൽ കാര്യമായി ആരും സമീപിക്കാറുണ്ടായിരുന്നില്ല. പെട്ടെന്ന് ഒരു ദിവസം അപരിചിതനായ ഒരാൾ അവിടെ പ്രത്യക്ഷപ്പെട്ടു. മൂന്ന് 'ഔലിയാക്കളുടെയും' കൂട്ടായ പരിശ്രമഫലമായി ഏതോ മാറാരോഗം സുഖപ്പെട്ടതായി അയാൾ നാട്ടിൽ പ്രചരിപ്പിച്ചു. നന്ദിസൂചകമായി ആടിനെ അറുത്ത് ഗ്രാമവാസികളെ മുഴുവൻ വിളിച്ചുചേർത്ത് ഒരു നേർച്ചയും സംഘടിപ്പിച്ചു. കറാമത്ത് പ്രചാരണത്തിന് ഇതിനേക്കാൾ ഫലപ്രദമായ മാർഗം വേറെയില്ല എന്നു തെളിയിക്കുന്നതാണ് ഇപ്പോൾ അവിടത്തെ തിരക്ക്.

ഏതോ ബിസിനസ്സ് നടത്തി നഷ്ടം വന്ന് പാപ്പരായവരാണത്രെ ഈ മൂന്നു പേരും. അങ്ങനെ 'ഒരിക്കലും നഷ്ടം വരാത്ത ബിസിനസ്സി'ൽ അവർ കയറിപ്പിടിച്ചു. പട്ടിണിപ്പാവങ്ങളുടെയും മാറാരോഗികളുടെയും വിവരമില്ലായ്മ ചൂഷണം ചെയ്ത് പണം വാരുന്ന ഇത്തരം തട്ടിപ്പുസംഘങ്ങളെയും ഇവർക്ക് കുടപിടിക്കുന്ന മതപുരോഹിതന്മാരെയും പിടിച്ചുകെട്ടാൻ സർക്കാർ നിയമം കൊണ്ടുവരേണ്ടത് അത്യാവശ്യമായിരിക്കുന്നു.

**ഹനീഫ് ചുള്ളിയിൽ, ഹഫൂഫ്, കെ.എസ്.എ**

# ദക്ഷിണ കേരളത്തിലെ അനാചാരങ്ങൾ

**സ്വദ്റുദ്ദീൻ** വാഴക്കാട് എഴുതിയ മഖ്ബറ വ്യവസായത്തെക്കുറിച്ചുള്ള ലേഖനത്തിൽ ദക്ഷിണ കേരളത്തിലെ മഖ്ബറകളെക്കുറിച്ച് ഒരു വിവരവും ലഭിക്കുന്നില്ല. ഇവിടെ ഒരു മഹാന്റെ പേരിൽ ഏഴോളം മഖ്ബറകളുണ്ട്. ഈരാറ്റുപേട്ട, കോലാഹലമേട്, ഇടക്കുന്നം, കാഞ്ഞിരമറ്റം, എരുമേലി എന്നിവിടങ്ങളിലും മറ്റു രണ്ടു പ്രദേശങ്ങളിലുമാണ് ആ മഖ്ബറകൾ. യഥാർഥ ഖബ്റിടം ഇറാഖിലാണെന്നും കേൾക്കുന്നു. ഇതിൽ ഈരാറ്റുപേട്ട ഒഴിച്ചുള്ള സ്ഥലങ്ങളിലെല്ലാം ചന്ദനക്കുടങ്ങളും നേർച്ചകളും മറ്റു ആഘോഷങ്ങളും നടന്നുവരുന്നു. വർഷങ്ങളോളം ഈരാറ്റുപേട്ടയിൽ ചന്ദനകുടം നടത്തിവന്നിരുന്നു. എന്നാൽ ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും പള്ളി ഭാരവാഹികളുടെ എതിർപ്പും കാരണമായി ഈ ആഘോഷം നിന്നുപോയി. കോടതിയിൽനിന്ന് മഹല്ലിന് അനുകൂലമായി വിധിയുണ്ടാവുകയും ചെയ്തു.

ദക്ഷിണ കേരളത്തിൽ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ എത്രയോ ഖബ്റിടങ്ങളിൽ പൂജകളും വഴിപാടുകളും നേർച്ചകളും നടന്നുവരുന്നു. ഒരു മഹാന്റെ ഖബ്റിടത്തിൽ ആവശ്യമുള്ളത് പൂവൻ കോഴി മാത്രമാണ്. ബീഡിയും തീപ്പെട്ടിയും മാത്രം സ്വീകരിക്കുന്ന മഖ്ബറകൾ വേറെയും!

**കെ.പി ബഷീർ, ഈരാറ്റുപേട്ട**

## ത്വാഹാ മൗലവി സ്മരണിക

കാസർകോട് ആലിയ അറബിക്കോളേജിന്റെ പ്രിൻസിപ്പലും അറിയപ്പെടുന്ന പണ്ഡിതനും പ്രബോധകനുമായിരുന്ന മുഹമ്മദ് ത്വാഹാ മൗലവിയെക്കുറിച്ച് ഒരു സ്മരണിക പുറത്തിറക്കാൻ ആലിയ പൂർവവിദ്യാർഥി സമിതി തീരുമാനിച്ചിരിക്കുന്നു. മൗലവിയെക്കുറിച്ച് അറിയുന്നവർ വിവരങ്ങൾ അയച്ചുതന്ന് സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

**കൺവീനർ,**
**ത്വാഹാ മൗലവി സ്മരണിക കമ്മിറ്റി**
**ആലിയ അറബിക്കോളേജ്,**
**പി.ഒ പരവനടുക്കം**
**(വഴി) കളനാട്- 671317**
**കാസർകോട്**